സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

52 (1756) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് ;

(സി) ഓരോ വിഭാഗം തിരിച്ചുള്ള നിയമനത്തിന്റെ വിവരം ലഭ്യമാക്കുമോ ;

(ഡി) ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) 8-4-2013 -നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി 3 വർഷമോ അല്ലെങ്കിൽ ടി തസ്തികയുടെ തെരഞ്ഞെടുപ്പിനായി പുതിയ ഒരു ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ ആയിരിക്കും.

(ബി) 15-6-2015 വരെ 384 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി)

OC	-	299	റാങ്കുവരെ
Ezhava	-	311	"
SC	-	S/L-4	"
ST	-	S/L -10	"
Muslim	-	402	"
LC/AI	-	484	"
OBC	-	306	"
Viswakarma	-	352	"
Dheevara	-	657	"

LIBRARY ARCHIVES Kerala Legislative Assembly

SIUC Nadar	-	495 റാങ്കുവരെ
Hindu Nadar	-	503 "
OX	-	1419 "
LP/By Transfer	-	10 "
PH Blind	-	4 "
PH Deaf	-	3 "
PH Ortho	-	4 "

(ഡി) 1 (ഒന്ന്).

സർവ്വീസിൽനിന്ന് വിരമിച്ചവർ

53 (1757) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011 മേയ് 8 മുതൽ 2015 മേയ് 31 വരെ 71603 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽനിന്നും 471 ഉദ്യോഗസ്ഥർ വിരമിക്കുകയുണ്ടായി. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

100% അന്ധതയുള്ളവരെ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കിയ നടപടി

54 (1758) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തിയ എൽ.ഡി. ക്ലാർക്ക് പ്രവേശന പരീക്ഷയിൽ (കാറ്റഗറി നമ്പർ 218/13) 100% അന്ധതയുള്ളവർ ഷോർട്ട് ലിസ്റ്റിൽ വരികയും ഇന്റർവ്യൂവിന് പങ്കെടുക്കുകയും ചെയ്തെങ്കിലും റാങ്ക് ലിസ്റ്റ് വന്നപ്പോൾ ഉദ്യോഗാർത്ഥികളുടെ പേര് ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) വിജ്ഞാപനത്തിലും പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോഴും ഇന്റർവ്യൂ സമയത്തും അറിയിക്കാതെ പെട്ടെന്നൊരു തീരുമാനം എടുക്കുന്നതിനുണ്ടായ സാഹചര്യം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly